10. ഗവൺമെന്റ് ഹൈസ്കൂൾ, മാരായമംഗലം
11. ഗവൺമെന്റ് ഹൈസ്കൂൾ, ചുണ്ടൻപേട്ട
12. പുത്തൂർ ട്രൈബൽ ഗവൺമെന്റ് ഹൈസ്കൂൾ, പുത്തൂർ

(ഇ) തോലന്നൂർ ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ്ടു പുതുതായി തുടങ്ങുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

## എടത്തനാട്ടുകര ജി.ഒ.എച്ച്.എസ്.എസ്.-ൽ പ്ലസ് വൺ സയൻസ് ഗ്രൂപ്പ് അനുവദിക്കുന്നതിന് നടപടി

125 [744] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ എടത്തനാട്ടുകര ജി.ഒ.എച്ച്.എസ്.എസ്.-ൽ പ്ലസ് വൺ സയൻസ് ഗ്രൂപ്പ് അനുവദിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ ആന്റ് ബി) എടത്തനാട്ടുകര ജി.ഒ.എച്ച്.എസ്.എസ്.-ൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും ഒരു കോമേഴ്സ് ബാച്ചും ആണ് ഉള്ളത്. സൗകര്യങ്ങളുടെ അപര്യാപ്തതമൂലം പ്രസ്തുത സ്കൂൾ സയൻസ് ബാച്ചിന് അപേക്ഷിച്ചിട്ടില്ല.

## കൂടുതൽ പ്ലസ്ടു സീറ്റുകൾ അനുവദിക്കുന്നതിന് നടപടി

126 [745] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, കെ. എ. ചന്ദ്രൻ:
,, എ. പി. അനിൽകുമാർ:
,, ജോർജ് ജെ. മാത്യു:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ആയിരത്തിലധികം വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തിയ എത്ര വിദ്യാലയങ്ങളുണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്കൂളിലെ വിജയ ശതമാനം എത്രയെന്ന് അറിയിക്കാമോ; ആയിരത്തിലധികം വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തി ഉയർന്ന വിജയശതമാനം കരസ്ഥമാക്കിയ സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് നിലവിലുണ്ടോ;

(സി) എങ്കിൽ ആ സ്കൂളിൽ നിന്ന് ജയിച്ച എല്ലാവർക്കും ആ സ്കൂളിൽ തന്നെ പ്ലസ്ടുവിന് അഡ്മിഷൻ ലഭിക്കത്തക്ക വിധത്തിൽ ആവശ്യമായത്ര പ്ലസ്ടു സീറ്റുകളുണ്ടോ; ഇല്ലാത്തപക്ഷം അവിടെ പ്ലസ്ടു കോഴ്സിന് കൂടുതൽ സീറ്റ് അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ച് വിദ്യാലയങ്ങൾ.

(ബി) ആയിരത്തിലധികം വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തിയ വിദ്യാലയങ്ങളും അവയുടെ വിജയ ശതമാനവും ചുവടെ ചേർക്കുന്നു:

1. സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ, പട്ടം, തിരുവനന്തപുരം .. 97.22 ശതമാനം
2. മാമ്പ്രം ഹയർ സെക്കന്ററി സ്കൂൾ .. 95.21 ശതമാനം
3. പി.പി.റ്റി.എം.വൈ. ഹയർ സെക്കന്ററി സ്കൂൾ, ചേരൂർ .. 85.74 ശതമാനം
4. കുഞ്ഞാമോൻ ഹാജി മെമ്മോറിയൽ ഹൈസ്കൂൾ, ആലത്തിയൂർ .. 43.03 ശതമാനം
5. സീതി സാഹിബ് മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ, തയ്യാലിങ്ങൽ .. 38.56 ശതമാനം

ആയിരത്തിലധികം വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തിയ വിദ്യാലയങ്ങളിൽ തിരൂർ വിദ്യാഭ്യാസ ജില്ലയിലെ കുഞ്ഞാമോൻ ഹാജി മെമ്മോറിയൽ ഹൈസ്കൂൾ, ആലത്തിയൂർ എന്ന വിദ്യാലയം ഒഴികെ ബാക്കിയുള്ള വിദ്യാലയങ്ങൾക്ക് പ്ലസ്ടു കോഴ്സ് നിലവിലുണ്ട്.

(സി) എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനം നടത്താനാവശ്യമായ സൗകര്യം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly